1.



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2030

## ഗവ:ബി വി യു പി സ്കൂൾ കിഴക്കേ ചേന്നങ്കരി

## ഉള്ളടക്കം

1. ആമുഖം പേജ്.....4
2. വിദ്യാലയചരിത്രം പേജ്..... 5-7
3. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട് (2025-2030) പേജ്....8
4. ലക്ഷ്യങ്ങൾ പേജ്...9-11
5. അവസ്ഥാവിശകലനം പേജ്...12-13
6. പ്രശ്നങ്ങൾ,വെല്ലുവിളികൾ പേജ്...14-15
7. പദ്ധതി രൂപീകരണപ്രക്രിയ ഒറ്റനോട്ടത്തിൽ പേജ്..16-18
8.വിഷയമേഖലാപ്രവർത്തനങ്ങൾ വിശദാംശങ്ങൾ.പേജ്...18-64
9. പ്രതീക്ഷിത നേട്ടങ്ങൾ പേജ്....65
10. മോണിട്ടറിംഗ് പേജ്....66
11. ഉപസംഹാരം പേജ്....67

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് - ഗവ: ബി.വി.യു.പി.എസ് ചേന്നങ്കരി ഈസ്റ്റ്

സ്ഥാപിത വർഷം - 1931(മലയാള വർഷം 1106)

വിദ്യാലയ വിസ്തീർണ്ണം - 2 ഏക്കർ

വില്ലേജ് - കാവാലം

റീസർവ്വെ നമ്പർ - 396/2

ജില്ല - ആലപ്പുഴ

താലൂക്ക് - കുട്ടനാട്

നിയമസഭ – കുട്ടനാട്

ലോകസഭ - മാവേലിക്കര

വിദ്യാഭ്യാസ ഉപജില്ല - വെളിയനാട്

പഞ്ചായത്ത് - നീലംപേരൂർ

വാർഡ് - 7

സി.ആർ. സി.- ജി.ആർ.വി.എൽ.പി.എസ്, ഈര

ബ്ളോക്ക് - വെളിയനാട്

ബി.ആർ. സി. - വെളിയനാട്

## ജീവനക്കാരേയും കുട്ടികളെയും സംബന്ധിച്ച വിവരങ്ങൾ

പ്രധാനാധ്യാപകൻ - ആൻസി .കെ .ജേക്കബ്

അനുവദിക്കപ്പെട്ട അധ്യാപകരുടെ എണ്ണം - 6

ഹിന്ദി അധ്യാപകൻ : 1

ഓഫീസ് അറ്റന്റന്റ് : 1

പാർട്ട് ടൈം മീനിയൽ : 1

കുട്ടികളുടെ എണ്ണം : 29

പ്രീ -പ്രൈമറി കുട്ടികൾ : 3

എസ് .എം.സി പ്രസിഡന്റ് : രാജീവ് .P

## 1. ആമുഖം

ഒരുപൗരന്റെ സർവതോന്മുഖമായ വികസനം സാദ്ധ്യമാകുന്നത് അവന്റെ വിദ്യാഭ്യാസത്തിലൂടെയാണ്. ഈ വസ്തുതലക്ഷ്യമാക്കി പൊതുവിദ്യാലയങ്ങളിൽ എത്തുന്ന മുഴുവൻകുട്ടികൾക്കും സൗജന്യവും നിർബന്ധിതവുംഗുണപരവുമായ വിദ്യാഭ്യാസം, ദേശീയ വിദ്യാഭ്യാസ നയത്തിൽ

ഊന്നി പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം ഒരു കുട്ടിക്ക് അവകാശമാണ് എന്ന തരത്തിൽ വിദ്യാഭ്യാസ അവകാശ നിയമവും ദേശീയതലത്തിൽ ആധികാരികമായി ഉറപ്പാക്കിയിട്ടുണ്ട്.പൊതു വിദ്യാലയങ്ങളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും കേന്ദ്രീകൃതവും,അവസരം തുല്യത, സാമൂഹ്യ നീതി, ഗുണത എന്നിവ പഠനാന്തരീക്ഷവും വികസിപ്പിച്ച് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി, വിദ്യാഭ്യാസത്തിലൂടെ പൊതു വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും പൊതു സമൂഹത്തെ വിദ്യാലയങ്ങളുമായി ഈ പദ്ധതി ലക്ഷ്യമിടുന്നു. ഏകോപിപ്പിച്ച് വിദ്യാഭ്യാസം ജനകീയമാക്കുന്നതിനും ബന്ധപ്പെടുത്തി പരിസരവുമായി സഹജീവനത്തിന്റെ വിദ്യാർത്ഥികളെ തങ്ങളുടെ ആശയങ്ങൾ മനസ്സിലാക്കി മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമാക്കിയും പരിസ്ഥിതി പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി മാതൃക സൃഷ്ടിച്ചും വിദ്യാലയപ്രവർത്തനങ്ങൾ ആകർഷകമാക്കി കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രത്യേക പരിഗണന ലക്ഷ്യമാക്കുന്നതിലൂടെ,പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുകയും കഴിവിന്റെ സാദ്ധ്യമായ ഉയർന്നതലങ്ങങ്ങളിലേയെക്കു എത്തിക്കുകയും ചെയ്യുക എന്നത് ഈപദ്ധതിയുടെ ലക്ഷ്യമാണ്. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണം അർഥപൂർണമാക്കി സാമൂഹ്യ- സാംസ്കാരിക സാമുദായിക രാഷ്ട്രീയ സന്നദ്ധ സംഘടനകൾ പൂർവ്വാദ്ധ്യാപക സമൂഹം എന്നിവരടങ്ങുന്ന പൊതുസമൂഹത്തിന്റെ പിൻതുണയോടെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് .

## 2. വിദ്യാലയ ചരിത്രം

നീലംപേരൂർ പഞ്ചായത്ത് വാർഡ് 7 കിഴക്കേചേന്നങ്കരി പ്രദേശത്ത് മഠത്തിൽ ഭഗവതി ക്ഷേത്രം വക 2 ഏ: സ്ഥലത്ത് ഗവ:ബി.വി.യു.പി.സ്കൂൾ സ്ഥിതിചെയ്യുന്നു.റീസർവേനം.396/2(1.62 ഹെക്ടർ )

6.

കൊല്ലവർഷം 1106- ൽ അമ്പലം വക സ്ഥലത്ത് താല്ക്കാലിക ഷെഡ്ഡ് കെട്ടിയാണ് ഈ സ്കൂൾ ആരംഭിച്ചത്.ഈനാട്ടിൽ തന്നെയുള്ള സെന്റ് ആന്റണീസ് എൽ.പി സ്കൂളായിരുന്നു ചേന്നങ്കരിയിലെ ഏക ആശ്രയം.നീലൻ പിള്ള ശങ്കരമംഗലം, മറ്റു പ്രമുഖ വ്യക്തികളും ഇടപെട്ട് അമ്പലപ്പറമ്പിൽ താൽക്കാലികമായി ഈ സ്കൂൾ 1931-ൽ ആരംഭിച്ചു.തുടർന്ന് 1/2 ഏക്കർ സ്ഥലം ക്ഷേത്രം നൽകി സ്കൂൾ പ്രവർത്തനം ആരംഭിച്ചു.ക്ഷേത്ര മാനേജ്മെന്റാണ് സ്കൂൾ നടത്തിയിരുന്നത്.തുടർന്ന,സ്കൂൾനടത്തികൊണ്ട്പോകുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെട്ടതിനാൽഗവൺമെന്റിന്റെപൊന്നുംവിലയ്ക്ക് വിട്ടുകൊടുത്തു.തുടർന്ന് 1972-ൽ അന്നത്തെ പഞ്ചായത്തു പ്രസിഡന്റായിരുന്ന കെ.എസ്. നാരായണപിള്ളയുടെ നേതൃത്വത്തിൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സാധിച്ചു.15000/-രൂപ നാട്ടിൽ നിന്നും പിരിച്ചെടുത്ത് ട്രഷറിയിൽ അടച്ചാണ്‌യു.പി.സ്കൂൾ ആക്കാൻ സാധിച്ചത്. തുടർന്ന് ഒന്നര ഏക്കർ സ്ഥലം കൂടി ക്ഷേത്രത്തിൽ നിന്നും നൽകി. ഇതിനെല്ലാം ഈ നാട്ടിലെ പ്രമുഖ വ്യക്തികളായ കെ.എസ് നാരായണപിള്ള, കുമരപ്പള്ളി പരമേശ്വരൻപിള്ള എന്നിവരെല്ലാം മുൻകൈ എടുത്ത് പ്രവർത്തിച്ചിട്ടുണ്ട്.

അന്നത്തെ സാമൂഹിക പശ്ചാതലത്തിൽ വളരെ ദാരിദ്ര്യം നിറഞ്ഞ അവസ്ഥയായിരുന്നു. എല്ലാകുട്ടികൾക്കും പ്രാഥമികവിദ്യാഭ്യാസം പോലും നൽകാൻ അപര്യാപ്തമായഅവസ്ഥയായിരുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസപരമായി പിന്നോക്കം നിന്ന ഒരു സാമൂഹിക പശ്ചാത്തലം ആയിരുന്നു അന്നത്തേത്.

ആരംഭകാലങ്ങളിൽ ഈ പ്രദേശത്തുള്ള മുഴവൻ കുട്ടികളുടേയും പ്രാഥമിക വിദ്യാഭ്യാസം ഈ സ്കൂളിനെ ആശ്രയിച്ചായിരുന്നു.ഇവിടെ പഠിച്ചിറങ്ങിയ ധാരാളം കുട്ടികൾ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഉന്നത ഉദ്യോഗതലങ്ങളിൽ തുടരുന്നുണ്ട്.അടുത്ത വിദ്യാഭ്യാസം നേടിയ കുട്ടികൾ ഉന്നത കാലയളവിലും ഇവിടെനിന്നും പ്രാഥമിക വിദ്യാഭ്യാസത്തിനായി ചേർന്നിട്ടുണ്ട്.അവിടെ ഉയർന്ന റാങ്കുകളും കരസ്ഥമാക്കുന്നുണ്ട്.വേണ്ടത്ര യാത്രാ സൗകര്യങ്ങൾ മുൻകാലങ്ങളിൽ ഇല്ലാതിരുന്നതു കൊണ്ട് അധ്യാപകരുടെ

7.

ഒഴിവുകൾ നീണ്ടകാലം നിലനിന്നിട്ടുണ്ട്. ഉള്ളവർ തന്നെ ട്രാൻസ്ഫർ വാങ്ങുന്നതിനും ശ്രമിക്കുന്നു. ഇത്തരം സാഹചര്യങ്ങൾ സ്കൂൾ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ടാറിംഗ് നടത്താത്തതിനാൽ സ്കൂളിലേയ്ക്കുള്ള റോഡ് ഇപ്പോഴും ശോചനീയാവസ്ഥയിൽ തന്നെയാണ്.ക്ലാസ്സ് മുറികളുടെ അഭാവംകൊണ്ട് ഇപ്പോഴും ഈ സ്കൂളിൽ ഒന്ന് ,രണ്ട്,എന്നീ ക്ലാസ്സുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ തുടരുന്നു.ഇംഗ്ലീഷ് മീഡിയത്തിൽ പഠനം നടത്തണമെന്ന രക്ഷകർത്താക്കളുടെ ആവശ്യം സർക്കാർ നിയമകുരുക്കിൽപ്പെട്ട് ഈ സ്കൂളിന് നടപ്പിലാക്കാൻ കഴിയാതെ വന്നതിനാൽ ഇംഗ്ലീഷ്മീഡിയത്തിനു വേണ്ടി ഈ പ്രദേശവാസികൾക്ക് ദൂരെയുള്ള സ്കൂളുകളെ ആശ്രയിക്കേണ്ടി വന്നു ആയതിനാൽ ഈ സ്കൂളിൽ അഡ്മിഷൻ തീരെയില്ലാതായി.2013-2014,2014-2015 അധ്യയന വർഷത്തിൽ 1-ാം ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ തീരെ ഉണ്ടായിരുന്നില്ല. 2014-2015 അധ്യയനവർഷത്തിൽ കുട്ടികൾ തീരെയില്ലായിരുന്നു.2014-2015 അധ്യയനവർഷത്തിൽ ഹെഡ്മിസ്ട്രസ് ശ്രീമതിഹെലനി ടീച്ചറിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളിലെ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സഹായത്തോടെ ചേർന്നയോഗത്തിൽ എല്ലാവരും ഇവിടെ 2015-16 അധ്യയനവർഷത്തിഇംഗ്ലീഷ് മീഡിയം തുടങ്ങാൻ തീരുമാനിക്കുകയുംചെയ്തു.

യാത്രാചെലവും ഫീസും മുടക്കാൻ കഴിവില്ലാത്ത രക്ഷകർത്താക്കളുടെ കുട്ടികളാണ് ഇവിടെ പഠിച്ചുവരുന്നത് .2014-2015 അധ്യായനവർഷത്തിൽ 3 കുട്ടികൾ അച്ഛനോ അമ്മയോ മരണമടഞ്ഞവരുടെ മക്കളാണ്.യാത്രാചെലവും ഫീസും മുടക്കാൻ കഴിവില്ലാത്ത രക്ഷകർത്താക്കളുടെ കുട്ടികളാണ് ഇവിടെ പഠിച്ചുവരുന്നത്.2014-2015 അധ്യായനവർഷത്തിൽ കുട്ടികൾ അച്ഛനോ അമ്മയോ മരണമടഞ്ഞവരുടെ മക്കളാണ്.

## 3.വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട് -(2025-2030)

2030 ആകുമ്പോൾ ഈ വിദ്യാലയം അക്കാദമിക മികവുകൊണ്ടും നൂതന സാങ്കേതിക വിദ്യകളിലൂന്നിയ വിദ്യാഭാസത്തിനും ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തത കൊണ്ടും പൊതുസമൂഹത്തിന്റെ പിന്തുണയോടെ മികവിന്റെ കേന്ദ്രമായി മാറും. ഈ ലക്ഷ്യ സാക്ഷത്കാരത്തിനായി സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.പൊതുവിദ്യാലയങ്ങളോട് വിമുഖത കാണിക്കുന്ന സമൂഹത്തെ പൊതു വിദ്യാഭ്യാസത്തിന്റെ മഹത്വവും,അത് ആർജിക്കുന്നതിലൂടെ കുട്ടികൾക്കുണ്ടാകുന്ന സാമൂഹിക ബോധവും നേട്ടങ്ങളും ബോധ്യപ്പെടുത്തുകയും പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റേതാണെന്നും ധാരണ ഉളവാക്കി സമൂഹത്തെ ഈ വിദ്യാലയത്തോടു ചേർത്ത് നിർത്തുകയും ചെയ്യു.
പണച്ചെലവില്ലാതെ ഏറ്റവും നല്ല വിദ്യാഭ്യാസപദ്ധതി കയ്യെത്തും ദൂരത്തു ലഭ്യമായിട്ടും പൊതുവിദ്യാലമായതിനാൽ സമൂഹത്തിനു ഈ സ്കൂളിനോടുള്ള നിസ്സംഗത, വിശ്വാസക്കുറവ്, പുച്ഛം എന്നീ മനോഭാവങ്ങൾ മാറ്റിയെടുക്കുന്നതിനും അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് വിദ്യാലയവികസനം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ഇതിനായി എസ്.എം.സി പ്രദേശത്തെ രാഷ്ട്രീയ,സാമൂഹിക-സന്നദ്ധ സംഘടനകൾ,പൂർവ വിദ്യാർത്ഥികൾ ,വിവിധ മേഖലകളിൽ വൈദഗ്ധ്യം ഉള്ളവർ,ഇന്നിവരുടെ കൂട്ടായ്മ സംഘടിപ്പിച്ച കോർണർ പി.റ്റി.എ യോഗങ്ങൾ ഗൃഹ സന്ദർശനം എന്നിവ നടത്തുകയും പ്രസ്തുത വേളകളിൽ സ്കൂളിന്റെ പഠനനേട്ടങ്ങൾ നേരിട്ടു ബോധ്യമാകുന്നതിന് പഠന നേട്ടത്തിലൂടെ ലഭ്യമാകുന്ന ഉൽപ്പന്നങ്ങൾ പോർട്ട് ഫോളിയോകൾ എന്നിവ പ്രദർശിപ്പിക്കും.വിവിധ സ്കോളർഷിപ്പ്

പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മുഴുവൻ കുട്ടികളെയും സ്കോളർഷിപ്പിന് അർഹത (LSS,USS) കൈവരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു.വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.വിദ്യാലയത്തിന്റെ പഠനപിന്തുണസംവിധാനങ്ങൾ(ലൈബ്രറി,കമ്പ്യൂട്ടർ,ലാബ്)എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്തമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നിയ വിദ്യാലയവിഭവങ്ങൾ (ഉദ്യാനം ,കളിയുപകരണങ്ങൾ ,മൈതാനം )എന്നിവ ഒരുക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾചെയ്യേണ്ടതുണ്ട്കൂടാതെവിദ്യാലയത്തിന്റെശ്രദ്ധിക്കപ്പെടേണ്ടതായിട്ടുള്ള നേട്ടങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കും.പെൺകുട്ടികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പദ്ധതികൾ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തും

## 4.ലക്ഷ്യങ്ങൾ

പ്രീപ്രൈമറി മുതൽ 7 വരെ ക്ലാസ്സുകളിൽ ഓരോന്നിലും കുട്ടികൾ ആർജിക്കേണ്ടശേഷികളുംഅന്താരാഷ്ട്രനിലവാരമുള്ളധാരണകളുംനൈപുണികളുംകഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്നു ഉറപ്പു വരുത്തുന്നു.

- പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക. കണക്ക് സയൻസ് ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും ഉണ്ടാക്കുക.
- പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജവവും നേടാൻ പ്രാപ്തരാക്കുക
- സാമൂഹ്യരംഗത്തെധാരണ,പരിസ്ഥിതിജ്ഞാനം,തുടങ്ങിയവ,കൈവരിക്കാൻ പ്രയത്നിക്കുക. ഓരോകുട്ടിയും കുറഞ്ഞത് മൂന്ന് ഭാഷകളിലെങ്കിലും

10.

ഭാഷാജ്ഞാനവും ആശയവിനിമയശേഷി യും നേടാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുആരോഗ്യകരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടികളുടെ കഴിവ് കേവലം പഠനവിഷയത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കത്തക്ക വിധത്തിൽ കാര്യക്ഷമമായ അദ്ധ്യാപക പരിശീലനം നടപ്പാക്കുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കപ്പെടുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക എന്നിവയ്ക്കു പ്രാധാന്യം നൽകുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതുതലമുറയിൽ നിന്ന് ഒഴിവാക്കാനാകുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

പ്ലാസ്റ്റിക് വിമുക്ത -കീടനാശിനി വിമുക്ത ലഹരിവിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.ക.

11.

- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കും വഴി പ്രകൃതിക്കിണങ്ങിയ മാതൃകാ തുരുത്തുകൾ സൃഷ്ടിക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- തനതായ ഒരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു പ്രത്യേകപരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം അർത്ഥപൂർണമാക്കുക
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിൽ എടുക്കുവാനുള്ള കഴിവ് വികസിപ്പിക്കാൻ ലക്ഷ്യമിട്ട് നൈപുണി വികസന പരിപാടി സമഗ്രമാക്കുക
- സ്കൂൾ ലൈബ്രറിയും ലബോറട്ടറിയും ആധുനികവത്കരിക്കുക
- സ്കൂൾ കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സമ്പ്രദായങ്ങൾ ഒരുക്കുക

  എൽപി, യുപി ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക-രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥിസംഘടനകൾ എന്നിവരുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

## 5.അവസ്ഥാ വിശകലനം

## (എ) ഭൗതിക നേട്ടങ്ങൾ.

ഈ വിദ്യാലയം യു.പി. വിഭാഗമായി ഉയർത്തപ്പെട്ടപ്പോൾ, ദേവസ്വം വക രണ്ട് ഏക്കറിലധികം സ്ഥലം സൗജന്യമായി ലഭ്യമായിട്ടുണ്ട്. ഈ സ്ഥലത്ത് നാല് മുറികളുള്ള ഒരു ഓടിട്ട കെട്ടിടവും, മൂന്ന് മുറികളുള്ള അലുമിനിയം റൂഫിംഗ് ഷീറ്റിട്ട് സീൽ ചെയ്ത കെട്ടിടവും ഉണ്ട്. ക്ലാസ് മുറികൾ എല്ലാം തന്നെ ടൈൽ പാകി വൃത്തിയാക്കിയിരിക്കുന്നു.

## ബി) പരിമിതികൾ

ആവശ്യത്തിന് സ്ഥല സൗകര്യവും യാത്രാ സൗകര്യവും ഉണ്ടെങ്കിലും മറ്റു പല പരിമിതികളും വിദ്യാലയത്തിന് ഇപ്പോഴും ഒരു പ്രശ്നമായി തുടരുന്നു. വിസ്തൃതിയുള്ള സ്കൂൾ മുറ്റം ഉണ്ടെങ്കിലും, ടൈൽ പാകി വൃത്തിയാക്കാത്തതുകൊണ്ട് കുട്ടികൾക്ക് കളിസ്ഥലമായി ഉപയോഗിക്കാൻ ബുദ്ധിമുട്ടുണ്ട്. ഒരു ഹാൾ ഇല്ലാത്തതുകൊണ്ട് സുപ്രധാന പരിപാടികൾക്ക് എല്ലാം തന്നെ കാശ് മുടക്കി പന്തലിടേണ്ട അവസ്ഥയാണ്. സ്കൂളിന്റെ മറ്റൊരു പരിമിതി എന്നത് ചുറ്റുമതിൽ ഇല്ലാത്തതാണ്. സ്കൂളിന്റെ കിഴക്ക്, തെക്ക് ഭാഗങ്ങളിൽ മാത്രമാണ് മതിലുള്ളത്. മറ്റു ഭാഗങ്ങളിൽ ഇല്ലാത്തതിനാൽ പലപ്പോഴും അന്യ വാഹനങ്ങൾ കയറിയിറങ്ങി പോകുന്നതായി

വിവരം ലഭിച്ചിട്ടുണ്ട്. ചിത്രങ്ങൾ ആലേഖനം ചെയ്ത ചുമരുകൾ ഇപ്പോഴും സ്കൂളിന്റെ സ്വപ്നം തന്നെയാണ്. അവ യാഥാർത്ഥ്യമാക്കേണ്ടത് ഈ നാടിന്റെ ആവശ്യവുമാണ്.

## അക്കാദമിക് സൗകര്യങ്ങൾ (നേട്ടങ്ങൾ )

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയിട്ടുള്ള പല കുട്ടികളും പിൽക്കാലത്ത് സമൂഹത്തിൻ്റെ വിവിധ തുറകളിൽ ഉന്നത സ്ഥാനങ്ങളിൽ എത്തിയിട്ടുണ്ട്. ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അധ്യാപകരും നിലവിലുള്ള അധ്യാപകരും ഈ സ്ഥാപനത്തിന് മുതൽക്കൂട്ടാണ്.

## പരിമിതികൾ

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്ന സ്കൂളിൽ ഹിന്ദി പഠിപ്പിക്കാൻ സ്ഥിരം അധ്യാപകരെ ലഭിക്കാത്തത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ദൂരെ നിന്ന് വരുന്ന അധ്യാപകരാകട്ടെ, യാത്രാ സൗകര്യത്തിൻ്റെ പേരിൽ ഉടൻ തന്നെ സ്ഥലം മാറ്റം വാങ്ങി പോകും. ആറ് സ്ഥിരം അധ്യാപകരും, ഒരു ദിവസവേതന അധ്യാപക, ഒരു ഓഫീസ് അറ്റൻഡറും, ഒരു പാർട്ട് ടൈം മീനിയലും ഇവിടെ ജോലി ചെയ്തു വരുന്നു. ലഭ്യമായിരിക്കുന്ന ഐടി സൗകര്യങ്ങളിൽ ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും, രണ്ട് ലാപ്ടോപ് കമ്പ്യൂട്ടറുകളും കാലങ്ങളായി പ്രവർത്തന രഹിതമാണ്. ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ഒരു ലൈബ്രറിയോ, ലബോറട്ടറിയോ ഇല്ല. വായനയിൽ താല്പര്യമുള്ള ധാരാളം കുട്ടികൾ ഉണ്ടെങ്കിലും ഇരുന്ന് വായിക്കാനുള്ള സൗകര്യം ഇല്ലാ എന്നത് വലിയൊരു പോരായ്മയാണ്. കലാകായിക വിദ്യാഭ്യാസത്തിന് മുഴുവൻ സമയ അധ്യാപകരെ നിയമിക്കപ്പെട്ടിട്ടില്ല. റിസോഴ്സ് അധ്യാപകരുടെ സേവനം കുറച്ചുകൂടി ആവശ്യമാണ്.

14.

**പ്രശ്നങ്ങൾ- വെല്ലുവിളികൾ**

| ക്രമനം | പ്രശ്നങ്ങൾ, | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ. |
|---|---|---|---|
| 1 | ഭൗതിക പ്രശ്നങ്ങൾ | പി.റ്റി.എ,എസ്.എം.സി,സന്നദ്ധസംഘടനകൾ,സാമൂഹ്യസംഘടനകൾ,പൂർവ്വവിദ്യാർത്ഥിസംഘടനകൾ,ഗ്രാമപഞ്ചായത്ത്, എം.എൽ.എ ഫണ്ട്,എംപി ഫണ്ട് എന്നിവ ഉപയോഗിച്ച് മെച്ചപ്പെടുത്താം | എസ്എംസിയുടെനേതൃത്വത്തിൽ സ്കൂൾവികസന സമിതി വിളിച്ചുകൂട്ടി ഓരോപ്രശ്നങ്ങളുംചർച്ചചെയ്ത്ബന്ധപ്പെട്ടസ്ഥാപനങ്ങളിലെയും വ്യക്തികളെയുംസമീപിച്ചുസൗകര്യങ്ങൾവർദ്ധിപ്പിക്കാനുള്ളനടപടികൾസ്വീകരിക്കാം. |
| 2 | അക്കാദമിക പ്രശ്നങ്ങൾ | എസ്ആർജിവിളിച്ചുകൂട്ടിഅക്കാദമികപ്രശ്നങ്ങൾചർച്ചചെയ്യുകയുംപരിഹാരബോധനത്തിനു ഒരോചുമതലയുംവിഭജിച്ച്നൽകുകയുംചെയ്യുക.കൃത്യമായിമോണിറ്ററിംഗ്നടത്തുക.എല്ലാമത്സരങ്ങളിലുംകുട്ടികളുടെപ്രാതിനിധ്യം ഉറപ്പാക്കുക. | പരിഹാര ബോധനത്തിനുഓരോ ചുമതലയുംവിഭജിച്ച് നൽകുകയും ചെയ്യുക.കൃത്യമായിമോണിറ്ററിംഗ്നടത്തുക.എല്ലാമത്സരങ്ങളിലും കുട്ടികളുടെ പ്രാതിനിധ്യംഉറപ്പക്കുക.പരിഹാരബോധനത്തിനുആവശ്യമായപ്രവർത്തനങ്ങൾ എസ്ആർജിയിൽചർച്ചചെയ്തുപ്രവർത്തനങ്ങൾഏകോപിപ്പിക്കുക.നിരന്തരമൂല്യനിർണയംനടത്തുക. |
| 3 | സാമൂഹിക പ്രശ്നങ്ങൾ | കോർണർ പി.റ്റി.എകൾ സംഘടിപ്പിച്ച് പൊതുവിദ്യാലയങ്ങളുടെ പ്രസക്തി, പൊതു വിദ്യാഭ്യാസത്തിന്റെനേട്ടങ്ങൾഎന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക. മാസത്തിൽ ഒന്ന് വീതം ഗൃഹ സന്ദർശനം നടത്തി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കുക. | പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റെ നന്മയ്ക്ക് എന്ന അവബോധം സൃഷ്ടിക്കുന്നതിന് കോർണർ പിടിഎകളിലും മറ്റു |

15.

| | | | |
|---|---|---|---|
| | | | കുട്ടികളുടെ പഠനനേട്ടങ്ങൾഅവതരിപ്പിക്കുകയുംപ്രദർശിപ്പിക്കുകയും ചെയ്യുക.<br>എസ്എംസിയുടെനേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തുക.<br>പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക. |

## പദ്ധതി രൂപീകരണ പ്രക്രിയ ഒറ്റനോട്ടത്തിൽ

16.

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • മാതൃഭാഷാ ശേഷി വികസനം<br>• വായനാ പരിപോഷണം<br>• ഇംഗ്ലീഷ്ഭാഷശക്തിപ്പെടുത്തൽ<br>• ഹിന്ദി കൈകാര്യം ചെയ്യൽ<br>• ഗണിതം മധുരതരമാക്കൽ<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറിശക്തിപ്പെടുത്തൽ<br>• ബോറട്ടറിശക്തിപ്പെടുത്തൽ<br>• പ്രതിഭാപോഷണ പരിപാടി<br>• സാമൂഹ്യശാസ്ത്ര | • സ്കൂൾചതുപ്പ പ്രദേശം മണ്ണിട്ടുയർത്തൽ<br>• ചുറ്റമതിൽ ഗേറ്റ്<br>• പുതിയ നാലുമുറി കെട്ടിടം<br>• ഓഫീസ്മുറി, സ്റ്റാഫ് മുറി<br>• ക്ലാസ്സുമുറികളുടെ നവീകരണം<br>• കമ്പ്യൂട്ടർ മുറി<br>• സ്മാർട്ട് ക്ലാസ്സ്മുറി<br>• ലൈബ്രറി<br>• ലബോറട്ടറി<br>• ഭക്ഷണശാല<br>• അസംബ്ളി | • എസ്.എം.സി വിപുലപ്പെടുത്തൽ<br>• പി.ടി.എ ശക്തിപ്പെടുത്തൽ<br>• പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ,ക്ലബുകൾ,സന്നദ്ധസംഘടനകൾ,പൂർവ്വാധ്യാപകർ,വിദ്യാഭ്യാസപ്രവർത്തകർ.സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയമികവുകൾ സമൂഹവുമായിപങ്കിടൽ |

17.

| | | |
|---|---|---|
| പഠനം<br>• സാഹിത്യ പോഷണപരിപാടികൾ<br>• ജൈവവൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാകായികപരിശീലനം<br>• ഐ.ടി.പരിശീലനം<br>• പ്രവൃത്തിപരിചയ പരിശീലനം<br>• അധ്യാപക ശാക്തീകരണം<br>• എസ്.ആർ.ജി ശാക്തീകരണം<br>• ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>• പച്ചക്കറിത്തോട്ടം<br>• മാഗസിൻ,സ്കൂൾ പത്രം | ഹാൾ<br>• മഴവെള്ള സംഭരണി<br>• ബയോഗ്യാസ്<br>• ടോയ്‌ലറ്റ്<br>• കുടിവെള്ളവിതരണം<br>• മാലിന്യ നിർമാർജനം<br>• പ്ലാസ്റ്റിക്‌രഹിത കാമ്പസ് | • വിദ്യാലയവിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>• ഗൃഹസന്ദർശനം |

18.

| | | |
|---|---|---|
| • രചനാശില്പശാല<br>• ആരോഗ്യപരിപാലനം<br>• ഗണിതലാബ്<br>• ഭാഷാലാബ്<br>• ദിനാചരണങ്ങൾ<br>• ടേം,മൂല്യനിർണ്ണയം ,നിരന്തരമൂല്യനിർണയം | | |

**വിഷയമേഖലാ പ്രവർത്തനങ്ങൾ**

**മേഖല–അക്കാദമികം ഉപമേഖല :മാതൃഭാഷാ ശേഷി വികസനം.പ്രവർത്തനം 1 – മലയാള തിളക്കം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്ന് മുതൽ ഏഴ് വരെ | ആഴ്ചയിൽ മൂന്ന് | ജൂൺ- | ഭാഷാദ്ധ്യാപി | 500/- |

| | | | | |
|---|---|---|---|---|
| ക്ലാസിലെയും മുഴുവൻകുട്ടികൾക്കു ംതെറ്റില്ലാതെ മലയാളംഎഴുതാനും, ഒഴുക്കോടെ സംസാരിക്കാനും വായിക്കാനുമുള്ള ശേഷി ലഭിക്കുന്നു | ദിവസം പ്രത്യേക സമയങ്ങളിൽ കുട്ടികൾക്ക് ചിത്രങ്ങൾ പ്രദർശിപ്പിച്ച് അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുകയും, പ്രസ്തുത ചിത്രങ്ങളുടെ സഹായത്തോടെ കുട്ടികൾ കഥ, കവിത, ലേഖനം എന്നിവഎഴുതുന്നു. തെറ്റുകൾ ബോധ്യപ്പെടുത്തി കുട്ടികൾ തന്നെ തിരുത്തുന്നു. | മാർച്ച് | ക | ടീച്ചർ ഗ്രാന്റ് |

പ്രവർത്തനം-2.പദസൂര്യൻ,

| | | | | |
|---|---|---|---|---|
| അനുബന്ധ വാക്കുകളുടെ പരിചയം. | രണ്ട് തട്ടിലുള്ള ഹാർഡ് ബോർഡ് ചക്രത്തിൽ ചില പദങ്ങൾ ഒരു തട്ടിലും, അനുബന്ധമായിട്ടുള്ള പദങ്ങൾ അടുത്ത തട്ടിലും എഴുതി, ബന്ധപ്പെട്ട പദങ്ങൾ കണ്ടുപിടിക്കുകയും, | ജൂലൈ.- | ഭാഷാദ്ധ്യാപിക. | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| | എഴുതുകയും, വായിക്കുകയും ചെയ്യുന്നു. | | | |

പ്രവർത്തനം-3.ചിത്രങ്ങൾ ഉപയോഗിച്ചുള്ള ലേഖനം

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകത വികസിപ്പിക്കുക. | ചിത്രങ്ങൾ ഉപയോഗിച്ച് കഥ, കവിത, ലേഖനങ്ങൾ എന്നിവ എഴുതാൻ ആവശ്യപ്പെടുന്നു. | ജൂൺ - മാർച്ച് | ഭാഷാ അദ്ധ്യാപിക. | ടീച്ചർ ഗ്രാന്റ് 500/- |

**ഉപമേഖല: വായന പരിപോഷണം.**

**പ്രവർത്തനം നാല്: പുസ്തക പരിചയം, പത്രവായന-അസംബ്ലിയിൽ**

| | | | | |
|---|---|---|---|---|
| വായനയിൽ താല്പര്യമുണ്ടാക്കുക. | അസംബ്ലിയിൽ പത്രവാർത്തയും ചിന്താവിഷയവും അവതരിപ്പിക്കുന്നു. വിവിധ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും അത് വായിച്ച് സ്വന്തമായി വായനാക്കുറിപ്പ് എഴുതിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. | ആവശ്യമില്ല. |

**ഉപമേഖല:ഇംഗ്ലീഷ് ഭാഷാ ശാക്തീകരണം.**

**പ്രവർത്തനം 5:ഇംഗ്ലീഷ് അസംബ്ലി**

| | | | | |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ താൽപര്യം ജനിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയിൽ വാർത്ത, മഹത് വചനം, | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | സാമ്പത്തികം ആവശ്യമില്ല |

**പ്രവർത്തനം–6– ദിവസവും പരസ്പരം ആശംസകൾ കൈമാറുക**

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരിക്കാനുള്ള മടി അവസാനിപ്പിക്കുക | ദിവസവും രാവിലെ തമ്മിൽ കാണുമ്പോൾ രണ്ടോ മൂന്നോ വാക്യങ്ങൾ ഇംഗ്ലീഷിൽ സംസാരിക്കുവാനുള്ള പ്രാപ്തി ഉണ്ടാക്കുക | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ. | സാമ്പത്തികം ആവശ്യമില്ല |

**പ്രവർത്തനം–7 പദപരിചയം**

| | | | | |
|---|---|---|---|---|
| പദസമ്പത്ത് ആർജ്ജിക്കൽ. | ദിവസവും ജീവിതവുമായി ബന്ധപ്പെട്ട അഞ്ച് | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | സാമ്പത്തികം ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| | വാക്കുകൾ, അവയുടെ ഇംഗ്ലീഷ് , മലയാളം അർത്ഥങ്ങൾ എന്നിവ കണ്ടെത്തി കൊണ്ടുവരിക | | | |

**<u>പ്രവർത്തനം–8 സ്കിറ്റ് അവതരണം, പദ്യം ചൊല്ലൽ, കത്തെഴുത്ത്.</u>**

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകത ഇംഗ്ലീഷ് ഭാഷയിൽ പ്രതിഫലിപ്പിക്കുക | സ്കിറ്റുകൾ എഴുതി അവതരിപ്പിക്കുക. വ്യത്യസ്ത രീതിയിൽ കത്തെഴുതുന്നതിനും, ഇംഗ്ലീഷ് കവിതകൾ | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | സാമ്പത്തികം ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| | ആസ്വദിച്ച് ചൊല്ലുന്നതിനും, എഴുതുന്നതിനും പരിശീലിപ്പിക്കുന്നു | | | |

**ഉപമേഖല:ഹിന്ദി പരിപോഷണം**

**പ്രവർത്തനം-9:<u>അസംബ്ലി(വാർത്ത, മഹദ് വചനം, പ്രാർത്ഥന)</u>**

| | | | | |
|---|---|---|---|---|
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിൽ താൽപ്പര്യം ജനിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലിയിൽ വാർത്ത, അഹദ വചനം, മഹത്വചനം, പ്രാർത്ഥന | ജൂൺ-മാർച്ച് | ഹിന്ദി ടീച്ചർ | സാമ്പത്തികം ആവശ്യമില്ല |

**പ്രവർത്തനം-10 <u>ആശംസകൈമാറുക</u>**

| | | | | |
|---|---|---|---|---|
| ഹിന്ദി | വ്യാഴം ,വെള്ളി | ജൂൺ- | ഹിന്ദി | സാമ്പ |

| | | | | |
|---|---|---|---|---|
| ഭാഷ സംസാരിക്കാനുള്ള മടി മാറ്റുക | ദിവസങ്ങളിൽ രണ്ടോ മൂന്നോ വാക്യങ്ങളിൽ ഹിന്ദി സംസാരിക്കാനുള്ള പ്രാപ്തി ഉണ്ടാക്കുക. | മാർച്ച് | ടീച്ചർ | ത്തികം ആവശ്യമില്ല |

**പ്രവർത്തനം–11 <u>പദപരിചയം</u>**

| | | | | |
|---|---|---|---|---|
| പദസമ്പത്ത് ആർജിക്കൽ | ദിവസവും ജീവിതവുമായി ബന്ധപ്പെട്ട വാക്കുകൾ, അവയുടെ ഹിന്ദി, മലയാളം അർത്ഥങ്ങൾ കണ്ടെത്തി കൊണ്ടുവരിക | ജൂൺ-മാർച്ച് | ഹിന്ദി ടീച്ചർ | സാമ്പത്തികം ആവശ്യമില്ല |

**<u>പ്രവർത്തനം–12 സ്കിറ്റ് അവതരണം, പദ്യം ചൊല്ലൽ, കത്തെഴുത്ത്</u>**

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകത ഹിന്ദി ഭാഷയിൽ | സ്കിറ്റുകൾ | ജൂൺ,-മാർച്ച് | ഹിന്ദി ടീച്ചർ | സാമ്പത്തികം |

25.

| | | | | |
|---|---|---|---|---|
| പ്രതിഫലിപ്പിക്കുക | എഴുതി അവതരിപ്പിക്കുക. വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള കത്തുകൾ തയ്യാറാക്കുക, ഹിന്ദി കവിതകൾ ആസ്വദിച്ച് ചൊല്ലുന്നതിന് പരിശീലിപ്പിക്കുന്നു | | | ആവശ്യമില്ല |

26.

**ഉപമേഖല:ഗണിതം മധുരതരമാക്കൽ**

**പ്രവർത്തനം 13.സംഖ്യാബോധം, സ്ഥാനവില ഉറപ്പിക്കൽ**

| | | | | |
|---|---|---|---|---|
| സംഖ്യയുടെ വലുപ്പ ചെറുപ്പം മനസ്സിലാക്കുന്നതിനും സ്ഥാനവില തെറ്റാതെ അക്കത്തിൽ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അറിവ് ഉറപ്പിക്കൽ. സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ | അബാക്കസ്, സംഖ്യാ കാർഡുകൾ എന്നിവ ഉപയോഗിക്കുന്നു. സ്ഥാനവില ഉറപ്പിക്കുന്നതിന് സ്ഥാനവില പോക്കറ്റിൽ അബാക്കസ് എന്നിവ ഉപയോഗിച്ച് പരിശീലനം നൽകുന്നു. നിത്യ ജീവിതവുമായി | **ജൂൺ-ജൂലൈ** | ഗണിതാധ്യാപിക | സാമ്പത്തികം ആവശ്യമില്ല |

| | | | | | |
|---|---|---|---|---|---|
| | സംഖ്യകളെ ബന്ധിപ്പിക്കുക. ഡിസ്കിൽ സംഖ്യകൾ എഴുതി സംഖ്യകളെ വ്യത്യസ്ത രീതിയിൽ, ഒന്നുകളായി, പത്തുകളായി, നൂറുകളായി വ്യാഖ്യാനിക്കൽ | | | | |

**പ്രവർത്തനം–14.ചതുഷ്ക്രിയകൾ**

| | | | | |
|---|---|---|---|---|
| നിത്യ | ക്ലാസിനെ | **ജൂൺ** | ഗണിതാ | ആവശ്യമി |

| | | | | |
|---|---|---|---|---|
| ജീവിതവുമായി ബന്ധപ്പെടുത്തി, ആയാസം കൂടാതെ ചതുഷ്ക്രിയകൾ ചെയ്യാൻ പഠിപ്പിക്കൽ | ഘടകങ്ങളാക്കി പ്രവർത്തിക്കുക, മെട്രിക് അളവുകളുമായി ബന്ധപ്പെടുത്തുന്നു, മോഡൽ ബാങ്കിംഗ് | -മാർച്ച് | ധ്യാപിക | ല്ല |

**പ്രവർത്തനം-15 മെട്രിക് അളവുകളുടെ പ്രാഥമികമായ അറിവ്ഉറപ്പിക്കൽ**

| | | | | |
|---|---|---|---|---|
| മെട്രിക് അളവുകളുടെ പ്രാഥമികമായ അറിവ് ഉറപ്പിക്കൽ. | തുണിക്കട, പലചരക്ക് കട തുടങ്ങിയവ ക്ലാസ്സിൽ ക്രമീകരി | ആഗസ്റ്റ് | ഗണിതാധ്യാപിക | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| മെടിക് അളവുകൾ ഉപയോഗിച്ചുള്ള ഗണിതക്രിയകൾ ചെയ്യാനും നിത്യജീവിതവുമായി അവയെ ബന്ധപ്പെടുത്താനും പ്രാപ്തരാക്കുക | ക്കൽ | | | |

**പ്രവർത്തനം 16:<u>സമയത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ</u>**

| | | | | |
|---|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെടുത്തി സമയ | ക്ലോക്ക് നിർമ്മാണം, മണൽ, കടികാര | ഒക്ടോബർ | ഗണിതാധ്യാപിക | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| ത്തെക്കുറിച്ചുള്ള ധാരണ ഉളവാക്കൽ | നിർമ്മാണം, നിഴൽ നോക്കി സമയം ഊഹിക്കാൻ പരിശീലിപ്പിക്കുക. | | | |

**പ്രവർത്തനം–17** <u>**ഹരണം ഉറപ്പിക്കൽ,ക്രിയ ഉറപ്പിക്കൽ**</u>

| | | | | |
|---|---|---|---|---|
| വലിയ സംഖ്യകളെ ഘടകങ്ങളാക്കുന്നതിനും ഹരിക്കുന്നതിനും | ആവർത്തന വിവർത്തനമാണ് ഹരണം എന്ന് വ്യക്തമാക്കുകയും | ജൂൺ-മാർച്ച് | ഗണിതാധ്യാപിക | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| പ്രാപ്തമാക്കുക | കൂടുതൽ ക്രിയകളിലൂടെ പരിശീലനം നൽകുന്നു | | | |

**പ്രവർത്തനം-18 <u>ശതമാനം എന്നിവയുടെ ഉറപ്പിക്കൽ</u>**

| | | | | |
|---|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട് ശതമാനത്തിൻ്റെയും ഭിന്നസംഖ്യകളുടെയും ഉപയോഗം | അനുയോജ്യമായ വിവിധ പ്രവർത്തനങ്ങൾ നൽകി ലക്ഷ്യം കൈവരിക്കുന്നു | സെപ്റ്റംബർ. | ഗണിതാധ്യാപിക | ആവശ്യമില്ല |

**പ്രവർത്തനം-19 <u>ജ്യാമിതീയ രൂപങ്ങൾ</u>**

| | | | | |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങ | വിവിധ ജ്യാമിതീയ | ആഗസ്റ്റ് - സെപ്റ്റംബർ. | ഗണിതാധ്യാപിക | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| ളെ കുറിച്ചുള്ള അവബോധം നൽകൽ. അതിലൂടെ പരപ്പളവ്, വ്യാപ്തം എന്നിവയുടെ ഉറപ്പിക്കൽ | രൂപങ്ങൾ പ്രദർശിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു. വ്യത്യസ്തഫലത്തിൽ നിന്ന് കണക്കാക്കുന്നു. തെറ്റടത്തിന്റെ പ്ലാൻ വരയ്ക്കുന്നു. വാട്ടർ ടാങ്കിൻ്റെ വ്യാപ്തം കണ്ടുപിടിക്കാൻ പഠിപ്പിക്കുന്നു | | | |

**ഉപമേഖല –ശാസ്ത്രാഭിരുചി വളർത്തൽ**

**പ്രവർത്തനം:20 മേളകൾ**

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുക. ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, സെമിനാറുകൾ, ക്വിസ്സുകൾ, മേളകൾ തുടങ്ങിയവ സംഘടിപ്പിക്കുക. പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരീക്ഷണ നിരീക്ഷണങ്ങളിൽ | ശാസ്ത്രാധ്യാപിക | **ജൂൺ,** മാർച്ച്. വർഷത്തിൽ രണ്ടു പ്രാവിശ്യം | 5000/- പി.റ്റി.എ |

| | | | | |
|---|---|---|---|---|
| | ഏർപ്പെടുക. ശാസ്ത്ര യാത്രകൾ സംഘടിപ്പിക്കുക. ശാസ്ത്ര മാസികകൾ വായിക്കാൻ അവസരം നൽകുക. പ്രമുഖ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം വായിക്കാൻ നൽകുക. | | | |

**ഉപമേഖലാ :ലൈബ്രറി ശാക്തീകരണം**

**പ്രവർത്തനം:21 ലൈബ്രറി വിപുലപെടുത്തൽ**

| | | | | |
|---|---|---|---|---|
| വായനയിൽ താല്പര്യമുളവാക്കുക വായന ശീലമാക്കുക | വിജ്ഞാനപ്രദവും രസകരവുമായ പുസ്തകങ്ങൾ ശേഖരിക്കുക. എസ്.എം.സി.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ലൈബ്രറി വിപുലപ്പെടുത്തുക. പിറന്നാളിനൊരു പുസ്തക | എസ്.എം. സി/ അധ്യാപകർ/ രക്ഷകർത്താക്കൾ | ജൂൺ-മാർച്ച് | 10000/- പൂർവവിദ്യാർത്ഥി സംഘടന. |

| | | | | |
|---|---|---|---|---|
| | പരിപാടിയിലൂടെ സ്കൂൾ കോമ്പൗണ്ടിൽ പുസ്തക കൊട്ട സ്ഥാപിച്ചുകൊണ്ട് പുസ്തക ശേഖരണം നടത്തുക. | | | |

**ഉപമേഖല –ലബോറട്ടറി ശക്തിപ്പെടുത്തൽ**

**പ്രവർത്തനം 22 – പരീക്ഷണ നിരീക്ഷണ സാമഗ്രികൾ ശേഖരിക്കുക**

| | | | | |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | യു.പി. തലം വരെയുള്ള പരീക്ഷണങ്ങൾക്കാവശ്യമായിട്ടുള്ള സാമഗ്രികൾ ശേഖരിക്കൽ | ശാസ്ത്രാധ്യാപിക | യഥാ സമയം | എസ്.എം.സി |

**പ്രതിഭാ പോഷണ പരിപാടികൾ**

**പ്രവർത്തനം 23 – സെമിനാറുകൾ, ഡിബേറ്റുകൾ, ക്വിസ്സ്കൾ**

| | | | | |
|---|---|---|---|---|
| പ്രതിഭകളെ പ്രത്യേകമായി പരിശീലിപ്പിക്കൽ | ശാസ്ത്രത്തിൽ മികവാർന്ന പ്രവർത്തനം പുലർത്തുന്ന കുട്ടികൾക്കായി സെമിനാറുകൾ, ഡിബേറ്റുകൾ, ക്വിസുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ. | എസ്. ആർ.ജി | മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം | സ്പോൺസർഷിപ്പ് 5000/- |

**ഉപമേഖല സാമൂഹ്യശാസ്ത്ര പഠനം**

**<u>പ്രവർത്തനം 24 - സാമൂഹ്യ ശാസ്ത്ര ലാബ്</u>**

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യ ശാസ്ത്ര ലാബിനായി ഒരു പ്രത്യേക മുറി സംഘടിപ്പിക്കുന്നു. ചരിത്രകാരൻമാരുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ഭൂപടങ്ങൾ, ഗ്ലോബുകൾ, ചരിത്രസ്മാരകങ്ങളുടെ നിശ്ചല | സോഷ്യൽ സയൻസ്ക്ലബ് | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.എ 10000/- |

| | | | | |
|---|---|---|---|---|
| | മാതൃകകൾ | | | |

## ഉപമേഖല സാഹിത്യപോഷണ പരിപാടി

**പ്രവർത്തനം 25.**രചനാശില്പശാലകൾ സംഘടിപ്പിക്കുക

| | | | | |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തിയെടുക്കുക | സാഹിത്യ പ്രതിഭകളെ വിളിച്ച് ക്ലാസുകൾ സംഘടിപ്പിക്കുക | വർഷത്തിൽ നാല് പ്രാവശ്യം | എസ്.ആർ.ജി | 10000/- സ്പോൺസർഷിപ്പ് |

**പ്രവർത്തനം 26:** പഠനയാത്രകൾ

| | | | | |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക | വർഷത്തിൽ രണ്ടു പ്രാവശ്യം | പ്രഥമാദ്ധ്യാപകൻ | എസ്.ആർ.ജി. 25000/- |

**പ്രവർത്തനം 27: <u>മോക്ക് പാർലമെൻ്റ്</u>**

| | | | | |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ക്ലാസിനെ പാർലമെൻ്റാക്കി മാറ്റുക | വർഷത്തിൽ നാലു പ്രാവശ്യം | സാമൂഹ്യശാസ്ത്ര അധ്യാപിക | ആവശ്യമില്ല |

**പ്രവർത്തനം 28: <u>ബുള്ളറ്റിൻ ബോർഡ്</u>**

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യുക | ഴവൻ വിദ്യാർഥികൾക്കും വായിക്കത്തക്ക വിധത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും അത് പ്രദർശിപ്പിക്കുക | എല്ലാ പ്രവർത്തി ദിവസവും | എസ്. ആർ.ജി | എസ്. എം.സി 5000/- |

| | | | | |
|---|---|---|---|---|
| | യും ചെയ്യുക | | | |

**ഉപമേഖല– കലാകായിക വിദ്യാഭ്യാസം**

**പ്രവർത്തനം 29: കലാ പഠനം**

| | | | | |
|---|---|---|---|---|
| കലാവാസനകൾക്കു പരിപോഷണം | നൃത്തം, സംഗീതം, വാദ്യങ്ങൾ എന്നിവയുടെ പരിശീലനത്തിനായി കലാ പഠനകളരി എന്ന പേരിൽ കലാ പഠനം ആരംഭിക്കുന്നു. അവധി ദിവസങ്ങളിൽ പരിശീലനം, | ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധി ദിവസങ്ങൾ | കലാദ്ധ്യാപകർ | 200000/- സ്പോൺസർഷിപ്പ്, പൂർവ്വ വിദ്യാർഥികൾ |

| | | | | |
|---|---|---|---|---|
| | ചിത്രരചനാ കളരി | | | |

**ഉപമേഖല കായിക വിദ്യാഭ്യാസം**

**പ്രവർത്തനം 30–കായിക പരിശീലനം**

| | | | | |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം, ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | കായിക അധ്യാപകൻ, | എസ്.എം.സി 25000/- |

**പ്രവർത്തനം 31: കായിക താരങ്ങൾക്ക് അവാർഡ് സമ്മാനങ്ങൾ**

| | | | | |
|---|---|---|---|---|
| വിജയികളെ അവാർഡ്/ | സ്കൂൾ തലം, ഉപജില്ലാതലം, | ഓരോ തലത്തിലെയും | കായിക അധ്യാപകൻ, | എസ്.എം.സി 10000/- |

| | | | | |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | ജില്ലാതലം എന്നിവയിൽ ക്യാഷ് അവാർഡ്, മെമെൻ്റോ എന്നിവ നൽകുക | മത്സരങ്ങൾക്ക് ശേഷം | | |

പ്രവർത്തനം 32: <u>മെഡിക്കൽ ക്യാമ്പ്</u>

| | | | | |
|---|---|---|---|---|
| ലക്ഷ്യം ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷകർത്താക്കൾക്കും വേണ്ടി സമഗ്രമായ വൈദ്യ പരിശോധന നടത്തുക | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | സ്പോൺസർഷിപ്പ്-2000 |

42.

**പ്രവർത്തനം 33: പോഷകാഹാര പരിപാടി**

| | | | | |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിനാവശ്യം | വ്യത്യസ്തമെന്നു അനുസരിച്ച് ദിവസവും പോഷകാഹാരം നൽകുന്നു | പ്രവർത്തിദിവസങ്ങൾ | ഉച്ചഭക്ഷണ കമ്മിറ്റി | സർക്കാർ 50000/- |

**ഉപമേഖല കൃഷിയെ സംബന്ധിച്ച അറിവ്**

**പ്രവർത്തനം 34: പച്ചക്കറിത്തോട്ടം**

| | | | | |
|---|---|---|---|---|
| കാർഷിക വിജ്ഞാനവും, വിഷരഹിത | സ്കൂളിലെ കൃഷികളിൽ താല്പര്യമുള്ള | അക്കാദമിക വർഷം മുഴുവൻ | പരിസ്ഥിതി ക്ലബ്ബ്/സയൻസ് ക്ലബ്ബ് | 50000/- ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| പച്ചക്കറികളുടെ ഉപയോഗവും | കുട്ടികളെ പങ്കെടുപ്പിച്ച് ജൈവ പച്ചകൃഷി നടപ്പാക്കുക. സ്കൂൾ ഉച്ചഭക്ഷണത്തിനായി ഈ പച്ചക്കറിത്തോട്ടത്തിലെ പച്ചക്കറികൾ ഉപയോഗിക്കുന്നു | | | |

**ഉപമേഖല;ഐ.ടി. പരിശീലനം**

**പ്രവർത്തനം 35: <u>കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കൽ</u>**

| | | | | |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം | കുട്ടികൾക്കുആവശ്യത്തിനനുസരിച്ച് ലാപ്ടോപ്പുകൾ(5) വാങ്ങുക, ക്ലാസ് മുറികളിൽ വൈ ഫൈ | ജൂൺ വർഷം മുഴുവൻ അവധിദിനങ്ങൾ | ഐ.ടി. അധ്യാപിക | 150000/- എം.എൽ.എ. ഫണ്ട് |

| | | | | |
|---|---|---|---|---|
| കമ്പ്യൂട്ടർ സാക്ഷരതാ സമൂഹത്തിനും | സൗകര്യം ഏർപ്പെടുത്തുക.<br><br>അവധികൾ ദിവസങ്ങളിൽ പൊതുജനങ്ങൾക്കും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക | | | |

| | | | | |
|---|---|---|---|---|
| | | | | |

## പ്രവർത്തനം 36: അധ്യാപക ശാക്തീകരണം

| | | | | |
|---|---|---|---|---|
| കാലാനുസൃതമായ മാറ്റങ്ങൾ അധ്യാപനത്തിൽ വരുത്തുക | പരിശീലനം | വർഷത്തിൽ 30 ദിവസം അവധി ദിവസങ്ങളിൽ | എസ്.എസ്.എ | 50000/- എസ്.എസ്.എ |

## പ്രവർത്തനം 37:എസ്ആർജി ശാക്തീകരണം

| | | | | |
|---|---|---|---|---|
| എസ്.ആർ.ജി ശാക്തീകരണം | ആഴ്ചയിൽ ഒന്ന് വീതം എസ്.ആർജി.കൂടി കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുക പുതിയ പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുക. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധനം നൽകുക. വിഷയ മേഖലകൾ ചർച്ച ചെയ്ത് പരിഹാരം കാണുക | ജൂൺ-മാർച്ച് | പ്രധമ അധ്യാപകൻ | എസ്.എം.സി 10000/- |

## ഉപമേഖല, ക്ലാസ് പിടിഎ ശക്തമാക്കൽ

## പ്രവർത്തനം 38: ക്ലാസ് പി.ടി.എ

| | | | | |
|---|---|---|---|---|
| ക്ലാസ് പിടിഎ ശക്തമാക്കുക | മാസത്തിൽ ഒരു തവണ ക്ലാസ് പിടിഎ ചേരുക. കുട്ടികളുടെ പഠന നിലവാരം രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുക. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | ആവിശ്യമില്ല |

| | | | | |
|---|---|---|---|---|
| | പ്രത്യേക പരിഗണന വേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക | | | |

**ഉപമേഖലാ ജൈവ വൈവിധ്യ പാർക്ക്**

**പ്രവർത്തനം 39: ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക**

| | | | | |
|---|---|---|---|---|
| പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക. കുളം നിർമ്മിക്കുക | ജൂൺ - ജൂലൈ | പരിസ്ഥിതി ക്ലബ്ബ് | സർക്കാർ 40000/- |

**ഉപമേഖലാ സെമിനാറുകൾ**

**പ്രവർത്തനം 40: വിഷയാധിഷ്ഠിത സെമിനാറുകൾ**

| | | | | |
|---|---|---|---|---|
| പാഠ്യ വിഷയങ്ങളിൽ | പാഠഭാഗവുമായി ബന്ധപ്പെട്ട | മൂന്ന് മാസത്തിലൊന്ന് | എസ്.ആർ.ജി | 10000 സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| കൂടുതൽ അറിവ് ലഭിക്കുന്നതിനും, വിശകലന പാഠവും ചിന്താശക്തിയും എന്നിവ ഉയർത്തുന്നതിനും | വിഷയങ്ങളിലും പൊതു വിഷയങ്ങളിലും സെമിനാറുകൾ സംഘടിപ്പിക്കുക | | | |

**ഉപമേഖലാ പ്രവർത്തി പരിചയ പരിശീലനം**

**പ്രവർത്തനം 41: കരകൗശല വസ്തുക്കൾ, പാഠോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം**

| | | | | |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപര്യം വളർത്തുക | ഒറിഗാമി പരിശീലനം, തുന്നൽ പരിശീലനം, സോപ്പ് നിർമ്മാണം, കുട നിർമ്മാണം തുടങ്ങിയവയ്ക്കായി ക്ലാസ് സംഘടിപ്പിക്കുന്ന | അവധി ദിവസങ്ങളിലും, ഒഴിവു സമയങ്ങളിലും | പ്രവർത്തി പരിചയവുമായി ബന്ധപ്പെട്ട അധ്യാപകർ | 1000/- സ്പോൺസർഷിപ്പ് |

**ഉപമേഖല, സ്കൂൾ മാഗസിൻ, സ്കൂൾ പത്രം.**

## പ്രവർത്തനം 42: സ്കൂൾ മാഗസിൻ

| | | | | |
|---|---|---|---|---|
| വിവിധ ഭാഷകളിലുള്ള കുട്ടികളുടെ സർഗ്ഗാത്മകത, സൃഷ്ടികൾ എന്നിവ പ്രകാശനം ചെയ്യൽ പ്രാദേശികമായ അറിവ് നൽകുന്നതിന് | സ്കൂൾ മാഗസിൻ അധ്യയന വർഷാന്ത്യത്തിൽ പ്രകാശനം ചെയ്യുക<br>കുട്ടികളെ ലേഖകരാക്കിക്കൊണ്ട് പ്രാദേശികമായ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി ആഴ്ചയിൽ ഒരു പതം | വർഷത്തിലൊന്ന് ആഴ്ചയിലൊന്ന് | സ്കൂൾ സാഹിത്യ വേദി അധ്യാപകരും വിദ്യാർത്ഥികളും | 1000/- (ടീച്ചേഴ്സ് ഗ്രാന്റ് ) 2000/- |

## ഉപമേഖല:ഗണിത ലാബ്, ഭാഷാ ലാബ്

## പ്രവർത്തനം 43: ഗണിത ഭാഷാ ലാബിലേക്ക് വേണ്ട സാമഗ്രികൾ ശേഖരിക്കുന്നു.

| | | | | |
|---|---|---|---|---|
| ഗണിത ഭാഷാ വസ്തുതകൾ പ്രവർത്തനത്തിലൂടെ ഗ്രഹിക്കുന്നതിന് | ഗണിത ഭാഷാ ലാബിലേക്ക് ആവശ്യമായ ജിയോ ബോർഡ്, അബാക്കസ്, രൂപങ്ങൾ, ശബ്ദ, കാരാവലി, പദപ്രശ്നങ്ങൾ, അക്ഷര | വർഷാരംഭം | എസ്.ആർ.ജി | എസ്.എസ്.എ |

| | | | | |
|---|---|---|---|---|
| | കാർഡുകൾ, കഥ, കവിത തുടങ്ങിയവയുടെ സിഡികൾ ശേഖരിക്കുക | | | |

**ഉപമേഖല അഭിമുഖങ്ങൾ**

**പ്രവർത്തനം 44: <u>സമൂഹത്തിലെ വിവിധ മേഖലകളിൽ വിദഗ്ധരും, അനുഭവ സമ്പത്തുള്ളവരുമായി കുട്ടികളുടെ നേരിട്ടുള്ള സംവാദം</u>**

| | | | | |
|---|---|---|---|---|
| സമൂഹത്തിലെ വിവിധ മേഖലകളിലെ വിദഗ്ധരെ പരിചയപ്പെട്ടുത്താനും, അനുഭവ സമ്പത്ത് പങ്കിടാനും, അതിലൂടെ അറിവ് വർദ്ധിപ്പിക്കാനു ം | പ്രസ്തുത വ്യക്തികളുമായി അഭിമുഖങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക | വർഷത്തിൽ 4 പ്രാവശ്യം | എസ്.ആർ.ജി | സ്പോൺസർഷിപ്പ് 10000/- |

**ഉപമേഖല ദിനാചരണങ്ങൾ**

## പ്രവർത്തനം 45: <u>ദിനാചരണങ്ങൾ സംഘടിപ്പിക്കൽ</u>

| | | | | |
|---|---|---|---|---|
| ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടി മനസ്സിലാക്കാനും, സാമൂഹിക ബോധം ഉണ്ടാക്കിയെടുക്കാനും | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കലണ്ടർ തയ്യാറാക്കുന്നു. ദിനങ്ങളുടെ പ്രാധാന്യമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. | **ജൂൺ**- മാർച്ച് | എസ്.ആർ.ജി | 25000/- |

**ഉപമേഖല:നിരന്തര മൂല്യ നിർണയം/ടേം മൂല്യനിർണ്ണയം**

## പ്രവർത്തനം 46: <u>കുട്ടികളുടെ പഠന നേട്ടങ്ങൾ വിലയിരുത്തുക</u>

| | | | | |
|---|---|---|---|---|
| പഠനനേട്ടങ്ങൾ കുട്ടികൾ എത്രമാത്രം സ്വയത്തമാക്കിയെന്ന് വിലയിരുത്തൽ, പരിഹാര ബോധനം | നിരന്തര മൂല്യനിർണയത്തിൽ പാഠ്യപ്രവർത്തനത്തോടൊപ്പം തന്നെ വിലയിരുത്തൽ പ്രവർത്തനവും നടത്തുന്നു. | **ജൂൺ-** മാർച്ച് വർഷത്തിൽ മൂന്ന് പ്രാവശ്യം | ബന്ധപ്പെട്ട അധ്യാപകർ എസ്.എസ്.എ | 10000/- എസ്.എസ്.എ |

| | | | | |
|---|---|---|---|---|
| | ഉൽപ്പന്നങ്ങൾ വിലയിരുത്തുന്നു, ഓരോ ടീമിലും നേടിയ പഠനനേട്ടങ്ങൾ വിലയിരുത്തുന്നു. | | | |

**മേഖല–ഭൗതികം**

**ഉപമേഖല:ചതുപ്പ് പ്രദേശം മണ്ണിട്ട് ഉയർത്തൽ**

**പ്രവർത്തനം- 47**

| | | | | |
|---|---|---|---|---|
| അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | സ്കൂളിന്റെ പരിസരത്തുള്ള ചതുപ്പ് നിലം മണ്ണിട്ട് ഉയർത്തുന്നു | 2017-2019 | ഗ്രാമപഞ്ചായത്ത് | 800000/- ഗ്രാമപഞ്ചായത്ത് |

**ഉപമേഖല:ചുറ്റുമതിൽ,ഗേറ്റ്**

**പ്രവർത്തനം 48:ചുറ്റുമതിൽ**

| | | | | |
|---|---|---|---|---|
| സ്കൂളിന്റെ സുരക്ഷ ഉറപ്പുവരുത്തുക | സ്കൂളിന് ചുറ്റും മതി നിർമ്മിച്ച് ഗേറ്റ് പിടിപ്പിക്കുക | 2018-2019 | ഗ്രാമപഞ്ചായത്ത് | 300000/- |

**ഉപമേഖല:പുതിയ നാല് മുറി കെട്ടിടം**

**പ്രവർത്തനം 49:ഓഫീസ് മുറി, സ്റ്റാഫ് റൂം**

| | | | | |
|---|---|---|---|---|
| സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന | പുതിയ നാലുമുറി കെട്ടിടം, ഓഫീസ് മുറി, | 2 വർഷം | എംഎൽഎ, / എംപി ഫണ്ട് | 5000000/- |

| | | | | |
|---|---|---|---|---|
| തിന് | സ്റ്റാഫ് മുറി എന്നിവയുടെ നിർമ്മാണം | | | |

## പ്രവർത്തനം 50- കമ്പ്യൂട്ടർ മുറി സജ്ജീകരിക്കൽ

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസം, കമ്പ്യൂട്ടർ സാക്ഷരത, സമൂഹത്തിന് | കമ്പ്യൂട്ടർ ലാബിൽ ആവശ്യമായ ലാപ്ടോപ്, പ്രൊജക്റ്റർ, ഇന്റർനെറ്റ് കണക്ഷൻ, ടിവി വയറിങ്, ഇരുപ്പിടങ്ങൾ, മേശകൾ എന്നിവ സജ്ജമാക്കുക | 2018 | എം.എൽ.എ ഫണ്ട് | 5,0000/- ഗ്രാമപഞ്ചായത്ത് |

54.

## ഉപമേഖലാ ക്ലാസ് മുറി നവീകരണം

## പ്രവർത്തനം 51: നിലവിലുള്ള ക്ലാസ് മുറികളുടെ അറ്റകുറ്റപ്പണിയും നവീകരണവും

| | | | | |
|---|---|---|---|---|
| അന്തരീക്ഷം സുരക്ഷിതമാക്കലും ആകർഷകമാക്കലും | നിലവിലുള്ള വിദ്യാലയ കെട്ടിടങ്ങളുടെ മേൽക്കൂരയുടെ അറ്റകുറ്റപ്പണി, കതകുകൾ, ജനലുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണി തുടങ്ങിയവ നടത്തി ക്ലാസ് മുറികളിൽ ടൈൽ പാകിയും, കെട്ടിടങ്ങൾ പെയിന്റ് അടിച്ചും ആകർഷകമാക്കുന്നു | **ജൂൺ** 2018 | എസ്.എസ്.എ | 800000/- |

## ഉപമേഖലാ : സ്മാർട്ട് ക്ലാസ് മുറി

## പ്രവർത്തനം 52: അധ്യയനം വിരൽത്തുമ്പിലൂടെ ലഭ്യമാക്കുക

| | | | | |
|---|---|---|---|---|
| പഠനം വിവരസാങ്കേതികവിദ്യയിലൂടെ രസകരവും ലളിതവുമാക്കുക | എല്ലാ ക്ലാസ് മുറികളിലും ലാപ്ടോപ്, പ്രൊജക്ടർ, ഇന്റർനെറ്റ് കണക്ഷൻ, ഇന്ററാക്ടീവ് ബോർഡ് എന്നിവ സ്ഥാപിച്ചു പഠനം എളുപ്പവും രസകരവുമാക്കുന്നു | 3 മാസം | എം.പി.ഫണ്ട് | 500000/- |

## ഉപമേഖല: ലൈബ്രറി നവീകരണം

## പ്രവർത്തനം 53: ലൈബ്രറിക്കായി പ്രത്യേക മുറി സജ്ജീകരിക്കൽ

| | | | | |
|---|---|---|---|---|
| വായനയിൽ അഭിരുചി വളർത്തുക, സാഹിത്യകാരന്മാരെ അടുത്തറിയുക, | ലൈബ്രറിക്കായി പ്രത്യേക ഒരു മുറി സജ്ജീകരിക്കുക, ആവശ്യമായ ഇരുപ്പിടങ്ങൾ ക്രമീകരിക്കുക, | 6 മാസം | പൂർവ്വ വിദ്യാർത്ഥി സംഘടന എസ്.എം.സി | 100000/- പൂർവ്വ വിദ്യാർത്ഥി സംഘടന |

| | | | | |
|---|---|---|---|---|
| കൃതികൾ പരിചയപ്പെടുത്തുക | ഷെൽഫ്, റാക്ക് തുടങ്ങിയവ വാങ്ങുക | | | |

## പ്രവർത്തനം 54-എന്റെ ഗ്രന്ഥശാലയ്ക്ക് എന്റെ വക ഒരു പുസ്തകം

| | | | | |
|---|---|---|---|---|
| ലൈബ്രറി വിപുലീകരണം | പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, നിലവിലുള്ള കുട്ടികൾ, പൊതുസമൂഹം എന്നിവരുമായി ബന്ധപ്പെട്ട് കുറഞ്ഞത് ഒരു പുസ്തകം വീതമെങ്കിലും അവരിൽ നിന്ന് ശേഖരിക്കുക | വർഷം മുഴവൻ | എസ്. ആർ. ജി | ആവശ്യമില്ല |

## ഉപമേഖലാ ലബോറട്ടറി സജ്ജീകരണം

## പ്രവർത്തനം 55: പഠനം പരീക്ഷണങ്ങളിലൂടെ

| | | | | |
|---|---|---|---|---|
| ശാസ്ത്ര സത്യങ്ങളെ | ലബോറട്ടറിക്കായി ഒരു മുറി സജ്ജീകരിച്ച് | **ജൂൺ-ജൂലൈ** | എസ്.ആർ. ജി | 200000/- ഗ്രാമപഞ്ചാ |

| | | | | |
|---|---|---|---|---|
| മനസ്സിലാക്കി ഉറപ്പിക്കുന്നതിന് | ആവശ്യമായ അലമാരകൾ, ഇരിപ്പിടങ്ങൾ, പരീക്ഷണ സാമഗ്രികൾ എല്ലാം ലഭ്യമാക്കുക | | | യത്ത് |

**ഉപമേഖല: ഭക്ഷണശാല (പ്രവർത്തനം 56)**

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് സൗകര്യപ്രദമായി വൃത്തിയോടെ ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള സാഹചര്യ ം ഒരുക്കൽ | ആവശ്യമായ ഡെസ്ക്, ബെഞ്ച്, ടേബിൾ ഷീറ്റ്, പാത്രങ്ങൾ, വാഷ് ബേസിൻ എന്നീ സൗകര്യങ്ങളോടു കൂടിയ ഭക്ഷണശാല ഒരുക്കുന്നു. കൂളർ, ഹീറ്റർ തുടങ്ങിയവ ഘടിപ്പിക്കുന്നു | **ജൂൺ-ആഗസ്റ്റ്** | എസ്.എം.സി പൂർവ്വ വിദ്യാർത്ഥി സംഘടന | 400000/- പൂർവ്വ വിദ്യാർത്ഥി സംഘടന |

**ഉപമേഖലാ അസംബ്ലി ഹാൾ, പ്രവർത്തനം- 57**

58.

| | | | | |
|---|---|---|---|---|
| ഏത് കാലാവസ്ഥയിലും അസംബ്ലി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ | അസംബ്ലി ഹാൾ നിർമ്മിക്കുക | 3 മാസം | എച്ച്.എം/ എസ്.എം.സി | 3,00000/- |

**ഉപമേഖലാ: ബയോഗ്യാസ്, മഴവെള്ള സംഭരണി(പ്രവർത്തനം 58)**

| | | | | |
|---|---|---|---|---|
| പ്രവർത്തനം 58: മാലിന്യ നിർമാർജനത്തിനും ഊർജ്ജ സംരക്ഷണത്തിനും ബയോഗ്യാസ്, ശുദ്ധമായ ജലം ലഭിക്കുന്നതിനായി മഴവെള്ള സംഭരണി | ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക മഴവെള്ള സംഭരണി നിർമ്മിക്കുക | ജൂൺ | എച്ച്.എം<br><br>എച്ച്.എം.എസ്. എം.സി | 25000/- ശുചിത്വ മിഷൻ<br>100000/- (ഗ്രാമപഞ്ചായത്ത്) |

**ഉപമേഖലാ: ശുചിത്വ കാമ്പസ്(പ്രവർത്തനം 59-ടോയ്ലറ്റ് നിർമ്മാണം**

| | | | | |
|---|---|---|---|---|
| | ആൺകുട്ടികൾ | ജൂൺ- | എസ്.എ | 200000/ |

59.

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് വൃത്തിയുള്ള ടോയ്‌ലറ്റ് സൗകര്യം | ക്കും പെൺകുട്ടികൾക്കും ജലലഭ്യതയോടുകൂടിയ ടോയ്‌ലറ്റ് | ജൂലൈ | സ്.എ | - എസ്. എസ്. എ |

**പ്രവർത്തനം 60: ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക**

| | | | | |
|---|---|---|---|---|
| എല്ലായിപ്പോഴും സ്കൂളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക | ആർ.ഓ. സിസ്റ്റം ഘടിപ്പിച്ച ശുദ്ധജല വിതരണ സംവിധാനം നിർമ്മിക്കുക | ജൂൺ | എസ്.എ സ്.എ | 50000/- |

**ഉപമേഖല:/ പ്ലാസ്റ്റിക് വിമുക്തകാമ്പസ്**

**പ്രവർത്തനം: 61 സ്കൂളിനെ മാലിന്യ രഹിതമാക്കുക/പ്ലാസ്റ്റിക് വിമുക്തമാക്കുക**

| | | | | |
|---|---|---|---|---|
| മാലിന്യവിമുക്ത/ പ്ലാസ്റ്റിക് വിമുക്ത ശുചിത്വ ക്യാമ്പസ് | ജൈവ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങളെ കൃഷിക്കും പച്ചക്കറിത്തോട്ടങ്ങളിലും ഉപയോഗിക്കുക. | വർഷം മുഴവൻ | എച്ച്.എം. പരിസ്ഥിതി ക്ലബ് | 500000/- (ഗ്രാമപഞ്ചായത്ത്) |

| | | | | |
|---|---|---|---|---|
| | അജൈവമാലിന്യങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിർമാർജ്ജനം ചെയ്യുക | | | |

**ഉപമേഖല, സ്കൂൾ ഒരു കൃഷിത്തോട്ടം**

**പ്രവർത്തനം: 62.വിഷരഹിത പച്ചക്കറികൾ, നാളികേരം, കിഴങ്ങുവർഗ്ഗങ്ങൾ വിളയിച്ചെടുക്കുക**

| | | | | |
|---|---|---|---|---|
| വിഷരഹിതവും പോഷക സമൃദ്ധവുമായ ഭക്ഷണം കുട്ടികൾക്ക് നൽകുക | കൃഷിത്തോട്ടം നിർമ്മിച്ചെടുക്കുക | വർഷം മുഴുവൻ | പരിസ്ഥിതി ക്ലബ് | ഗ്രാമപഞ്ചായത്ത് 25000/- |

**മേഖലാ: സാമൂഹികം**

**ഉപമേഖല;എസ്.എം.സി./പി.റ്റി .എ വിപുലപ്പെടുത്തൽ**

**പ്രവർത്തനം: 63 എസ്.എം.സി/പി.റ്റി എ തുടങ്ങിയവയുടെ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക**

| | | | | |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളി | പൊതുവിദ്യാലയത്തോട് താല്പര്യമുള്ളവരെയും, | **ജൂൺ, ജൂലൈ** | എച്ച്.എം./ പി.റ്റി .എ | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| ൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക. | വിശാരദരെയും ഉൾപ്പെടുത്തി സമൂഹത്തെ വിദ്യാലയത്തോട് ചേർത്ത് നിർത്തുക. സ്കൂളിന്റെ സമഗ്രവികസനം ഉറപ്പാക്കുക | | | |

**പ്രവർത്തനം 64: വിദ്യാലയത്തിന്റെ സമഗ്രവികസനത്തിൽ പൂർവ്വ വിദ്യാർത്ഥികളെ പങ്കാളികളാക്കുക**

| | | | | |
|---|---|---|---|---|
| പൂർവ്വവിദ്യാർത്ഥികളെ ഉൾപ്പെടുത്തി സ്കൂളിന്റെ സമഗ്രവികസനം സാധ്യമാക്കുക | പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി അവരെ വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക | ആഗസ്റ്റ് | എച്ച്.എം. എസ്.ആർ.ജി | പി.റ്റി .എ 20000/- |

**പ്രവർത്തനം :65 സന്നദ്ധ സംഘടനകളെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കു**

| | | | | |
|---|---|---|---|---|
| സന്നദ്ധ സംഘടനകളെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ അധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ | **ജൂൺ-സെപ്റ്റംബർ** | എച്ച്.എം/ എസ്.എം .സി | 15000 എസ്.എം. സി ഫണ്ട് |

| | | | | |
|---|---|---|---|---|
| | സേവനം പ്രയോജനപ്പെടുത്തുന്നു | | | |

**പ്രവർത്തനം 66: വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ**

| | | | | |
|---|---|---|---|---|
| പൊതു വിദ്യാലയങ്ങളുടെ മികവുകൾ സമൂഹത്തെ ബോധ്യപ്പെടുത്തി കുട്ടികളെ ആകർഷിക്കുക | കോർണർ പി.റ്റി .എ കൾ നടത്തിയും വാർഷികാഘോഷ വേളകളിൽ സ്കൂൾ മികവുകൾ പൊതുസമൂഹത്തെ വിദ്യാലയത്തിൻ്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്.എം.സി. എ എസ്.ആർജി എച്ച്.എംമ്മ് | 25000/- പി.റ്റി .എ |

**പ്രവർത്തനം: 67 വിദ്യാലയ വിഭാഗങ്ങൾ സമൂഹത്തിന്**

| | | | | |
|---|---|---|---|---|
| സമൂഹവും വിദ്യാലയവും ഒന്ന് എന്ന അവബോധം | കൃഷിത്തോട്ടം പദ്ധതിക്ക് കുടുംബശ്രീ പോലുള്ള സംഘടനകളുടെ സഹായം, | വർഷം മുഴുവൻ | എസ്.എം. സി | 15000/- സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | കാർഷിക വിദഗ്ധരുടെ ഉപദേശം, കമ്പ്യൂട്ടർ ലാബ് പൊതുസമൂഹത്തിന് ഉപയോഗപ്പെടുത്തൽ | | | |

**പ്രവർത്തനം 68: <u>സ്കൂൾകാച്ച്മെൻ്റ് ഏരിയയിലെ ഭവനങ്ങൾ സന്ദർശിക്കുക</u>**

| | | | | |
|---|---|---|---|---|
| പൊതുവിദ്യാലയത്തിലേയ്ക്ക് കുട്ടികളുടെ പ്രവേശനം | എസ്.എം.സി / സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സ്കൂൾ കാച്ച്മെൻ്റ് ഏരിയയിലെ വീടുകൾ സന്ദർശിച്ച് കുട്ടികളെ സ്കൂളിലേക്ക് | അവധികാലം | എച്ച്.എം. ആവിശ്യമില്ല എസ്.എം.സി പ | |

| | | | | |
|---|---|---|---|---|
| | ആകർഷിക്കുക | | | |

## പ്രവർത്തനം 69: ഹരിതഗ്രാമം

| | | | | |
|---|---|---|---|---|
| **ഗ്രാമവീഥികളെ** ഹരിതാഭമാക്കൽ | **വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കൽ, അവയുടെ രിപാലനം വിവിധ കുട്ടികൾക്ക് ഗ്രൂപ്പ് തിരിച്ച് നൽകൽ സമൂഹത്തെ ക്ലബ്ബുകൾ വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ തുടങ്ങിയവയെ പദ്ധതിയിൽ പരിപാലനം, വിവിധ കുട്ടികൾക്ക് ഗ്രൂപ്പ് തിരിച്ച് നൽകൽ, സമൂഹത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ** പങ്കെടുപ്പിക്കാം | **വർഷത്തിൽ ഒരു പ്രാവശ്യം** | പി.റ്റി .എ/സ്കൂൾ പാർലമെൻ്റ് | **സംഭാവന** |

## പ്രവർത്തനം 70: പൊതിച്ചോറ്

| | | | | |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | മുഴുവൻ അധ്യാപകരും ഭക്ഷണ പൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| | എത്തിച്ച് കൊടുക്കുന്നു | | | |

**9.പ്രതീക്ഷിത നേട്ടങ്ങൾ(** കുട്ടികളുടെ അക്കാദമിക മികവ്)

- ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്ന

വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## 10. മോണിട്ടറിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് ശക്തമാക്കുന്നു,സോഷ്യൽ മോണിറ്ററിംഗ് രീതി, (പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, എസ്.ആർ.ജി )എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം
- ദൈനംദിന മോണിറ്ററിംഗ്, എച്ച്.എം, പ്രിൻസിപ്പൽ, എസ്.ആർ.ജി, കൺവീനർ, പി.ടി.എ പ്രസിഡൻ്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

പൊതുവിദ്യാലയം പൊതുസമൂഹത്തിന് എന്ന അവബോധം പൊതുജനങ്ങളിൽ വളർത്തിയെടുത്ത്, പൊതുവിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ അക്കാദമിക മികവ് ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങളും, അതിലൂടെ സജീവമായ ഒരു വിദ്യാലയ കാമ്പസ് രൂപീകരിക്കുന്നതിനും, വിദ്യാലയത്തിൻ്റെ പൈതൃകവും, മാതൃകയും കാത്തുസൂക്ഷിച്ച് കൂടുതൽ സംപുഷ്ടമാക്കുന്നതിനും ഈ പദ്ധതി ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.